<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ജി.എസ്.ടി. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പഞ്ചനക്ഷത്ര ഹോട്ടലിൽ നടത്തിയ പരിശീലനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് ജി.എസ്.ടി. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പഞ്ചനക്ഷത്ര ഹോട്ടലിൽ ലക്ഷങ്ങൾ ചെലവഴിച്ച് പരിശീലനം സംഘടിപ്പിച്ചത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം പരിശീലനം സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കൃത്യമായ പരിശീലനത്തിന് ആവശ്യമായ കാര്യങ്ങളെ ഉൾപ്പെടുത്തി മിതമായ വിധത്തിൽ ആണ് പരിശീലനം നടത്തിയിട്ടുള്ളത്. പരിശീലനത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായ ലാബ് സൗകര്യങ്ങൾ, പ്രായോഗിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, അതിനോടൊപ്പമുള്ള താമസ സൗകര്യം എന്നിവ കണക്കിലെടുത്താണ് പരിശീലനം ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ലെ സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടനയ്ക്കുശേഷം ഓഡിറ്റ്, ഇന്റലിജൻസ് വിംഗുകളിലെ ഉദ്യോഗസ്ഥർക്ക് വിശദമായ പരിശീലനം മുൻവർഷങ്ങളിൽ നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻഫോഴ്സ്മെന്റ് ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകിയത്. മുന്നൂറോളം ഉദ്യോഗസ്ഥർക്ക് ആറ് ദിവസം പരിശീലനം നല്കുന്നതിലേയ്ക്കായി 18.05.2024-ലെ സ.ഉ.(സാധ)നം.418/2024/നികുതി പ്രകാരം 46,65,000/- രൂപയ്ക്ക് ഭരണാനുമതി നല്കി ഉത്തരവായിരുന്നു. ഈ പരിശീലനപരിപാടിയിലൂടെ എൻഫോഴ്സ്മെന്റ് വിംഗിലെ ഉദ്യോഗസ്ഥരുടെ പ്രായോഗികവും സാങ്കേതികവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. പരിശീലനത്തിന് തുടർച്ചയായി, operation palm tree എന്ന പേരിൽ വ്യാജ രജിസ്ട്രേഷനുകൾ ഉപയോഗിച്ച് ആക്രികച്ചവടം നടത്തുന്നവർക്കെതിരെ സംസ്ഥാന വ്യാപകമായി പരിശോധന നടത്തി 1170 കോടിയുടെ അനധികൃത കച്ചവടം കണ്ടെത്തി. |
| (ബി) | ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത പരിശീലനത്തിന് താമസസൗകര്യവും ഭക്ഷണവും ഉൾപ്പെടെ ആകെ എത്ര തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | എൻഫോഴ്സ്മെന്റ് വിംഗിന് അത്യന്താപേക്ഷിതമായ സാങ്കേതികവും പ്രവർത്തനപരവുമായ അറിവ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലനം സംഘടിപ്പിച്ചത്. വാഹന പരിശോധന നിയമങ്ങൾ, ഇ-വേ ബിൽ നടപടിക്രമങ്ങൾ, ജി.എസ്.ടി ഇന്റലിജൻസ്, മഹസർ തയ്യാറാക്കൽ, വ്യാജ ഇൻവോയിസിംഗ്, വ്യാവസായിക സന്ദർശനം, നോട്ടീസ് തയ്യാറാക്കൽ, വർക്ക് ഷോപ്പ് എന്നിവ ഈ പരിശീലനപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു.<br><br>**ഇനം തിരിച്ചുള്ള ചെലവുകൾ** |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>പരിശീലനതാമസം, അടിസ്ഥാന സൗകര്യങ്ങൾ</td><td>38,10,000</td></tr>
<tr><td>ട്രെയിനിംഗ് ഹാൾ അടിസ്ഥാന സൗകര്യങ്ങൾ</td><td>4,15,000</td></tr>
<tr><td>ഗതാഗത ചെലവ്</td><td>2,00,000</td></tr>
<tr><td>ഫാക്കൽറ്റി ചെലവ്</td><td>2,30,000</td></tr>
<tr><td>സ്റ്റേഷനറി ചെലവുകളും മറ്റുള്ള ചെലവുകളും</td><td>10,000</td></tr>
<tr><td>ആകെ ചെലവ്</td><td>46,65,000<br><br>(നാല്പത്തിയാറ് ലക്ഷത്തി അറുപത്തയ്യായിരം രൂപ)</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>സാമ്പത്തിക അച്ചടക്കം ലംഘിച്ചുകൊണ്ട് ഈ രീതിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>18.05.2024-ലെ സ.ഉ.(സാധ) നം.418/2024/നികുതി പ്രകാരം മുന്നൂറോളം ഉദ്യോഗസ്ഥർക്ക് ആറ് ദിവസം പരിശീലനം നല്കുന്നതിലേയ്ക്കായി 46,65,000/- രൂപയ്ക്ക് ഭരണാനുമതി നല്കി ഉത്തരവായിരുന്നു. സാമ്പത്തിക അച്ചടക്കം ലംഘിച്ചിട്ടില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ